**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 458** **10-02-2025 - ൽ മറുപടിയ്ക്ക്**

**ശമ്പള പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | 01-07-2024 മുതൽ പ്രാബല്യത്തിൽ വരേണ്ട സർക്കാർ ജീവനക്കാരുടെ പന്ത്രണ്ടാം ശമ്പളപരിഷ്കരണ കമ്മീഷനെ നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശമ്പള പരിഷ്കരണം സർക്കാരിന്റെ നയപരമായ തീരുമാനമായതിനാൽ ഉചിതമായ സമയത്ത് ആവശ്യമായ നടപടികൾ സ്വീകരിക്കുകയാണ് പതിവായി ചെയ്തുവരുന്നത്. തുടർന്നും സർക്കാർ കൂടിയാലോചനകളിലൂടെ ഉചിതമായ സമയത്ത് ഇതു സംബന്ധിച്ച തീരുമാനമെടുക്കുന്നതാണ്. |
| (ബി) | മുൻ ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായി സർക്കാർ ജീവനക്കാർക്ക് നൽകേണ്ട കുടിശ്ശിക വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | പതിനൊന്നാം ശമ്പളപരിഷ്കരണവുമായി ബന്ധപ്പെട്ട് സർക്കാർ ജീവനക്കാർക്ക് നൽകേണ്ട കുടിശ്ശിക വിതരണം ചെയ്തിട്ടില്ല. എന്നാൽ സർക്കാർ സേവനത്തിലിരിക്കെ മരണപ്പെട്ട ജീവനക്കാർക്ക് അർഹമായ ശമ്പളപരിഷ്കരണ കുടിശ്ശിക അവരുടെ അവകാശികൾക്ക് അനുവദിച്ചുനൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ